**മധുരമായ കുട്ടികളെ- ഇത് നിങ്ങളുടെ വാനപ്രസ്ഥ അവസ്ഥയാണ് അതിനാൽ ഒരേയൊരു ബാബയെ ഓർമ്മിക്കണം, നിർവ്വാണധാമിലേക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പ് നടത്തണം.**

**ചോദ്യം-** ബാബയുടെയടുത്ത് ഏതൊരു കാര്യത്തിൽ ഭേദഭാവമില്ല?
**ഉത്തരം-** ദരിദ്രനാണോ സമ്പന്നനാണോ എന്ന വ്യത്യാസമില്ല. ഓരോരുത്തർക്കും പുരുഷാർത്ഥത്തിലൂടെ ഉയർന്ന പദവി നേടുന്നതിനുള്ള അധികാരമുണ്ട്. പോകുന്തോറും സർവ്വർക്കും തന്റെ പദവിയുടെ സാക്ഷാത്ക്കാരം ഉണ്ടാകും. ബാബ പറയുന്നു- ഞാൻ ദരിദ്രരുടെ പങ്കാളിയാണ്, അതിനാൽ ഇപ്പോൾ ദരിദ്രരായ കുട്ടികളുടെ സർവ്വ ആഗ്രഹങ്ങളും പൂർത്തിയാകുന്നു. ഇത് അന്തിമ സമയമാണ്. ചിലരുടേത് മണ്ണിനോടലിഞ്ഞ് ചേരും.....ആരാണൊ ബാബയ്ക്ക് ഇൻഷ്വർ ചെയ്യുന്നത്, അവരുടേത് സഫലമാകുന്നു.

**ഗീതം-** അവസാനം ആ ദിനം വന്നെത്തി....

**ഓം ശാന്തി**. ഇതിന്റെ അർത്ഥം തീർത്തും ലളിതമാണ്. ഓരോ കാര്യവും സെക്കന്റിൽ മനസ്സിലാക്കേണ്ടതാണ്. സെക്കന്റിൽ ബാബയിൽ നിന്നും സമ്പത്ത് നേടണം. കുട്ടികൾക്കറിയാം പരിധിയില്ലാത്ത ബാബ വന്നിരിക്കുന്നു. എന്നാൽ ഈ നിശ്ചയവും സ്ഥിരമായിട്ടില്ല. ഏതുപോലെ ലൗകീക സംബന്ധത്തിൽ അമ്മയ്ക്ക് കുഞ്ഞ് ജനിക്കുമ്പോൾ മനസ്സിലാക്കുന്നു- അവർ ജന്മം നല്കി പാലിക്കേണ്ടവളാണ് എന്ന്. ഇവിടെയും ഉടൻ തന്നെ മനസ്സിലാക്കണ്ടേ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഭക്തിക്കു ശേഷം തന്നെയാണ് ഭഗവാൻ വരുന്നത്. ഇപ്പോൾ ഭക്തി എത്ര സമയം ഉണ്ടാകുന്നു, എപ്പോൾ ആരംഭിക്കുന്നു, ഇത് ലോകത്തിൽ നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാരും അറിയുന്നില്ല. നിങ്ങൾക്ക് പറയാൻ സാധിക്കും- ഭക്തി എന്നു മുതൽ ആരംഭിച്ചുവെന്ന്. മനുഷ്യർ പറയുന്നു പരമ്പരയായി നടന്നു വരുന്നുവെന്ന്. എന്നാൽ അനാദിയുടെ അർത്ഥം പോലും മനസ്സിലാക്കുന്നില്ല. ഈ ഡ്രാമയുടെ ചക്രം അനാദികാലം മുതൽ കറങ്ങികൊണ്ടിരിക്കുന്നു. അതിന് ആദിയുമില്ല, അന്ത്യവുമില്ല. മനുഷ്യർ പൊങ്ങച്ചം പറഞ്ഞു കൊണ്ടിരിക്കുന്നു. ചിലപ്പോൾ പറയും ഇത്രയും വർഷമായിയെന്ന്, ചിലപ്പോൾ ഇത്രയും വർഷം. ബാബ വന്ന് സർവ്വതും തെളിയിച്ചു മനസ്സിലാക്കി തരുന്നു. ശാസ്ത്രമൊന്നും പഠിക്കുന്നതിലൂടെ ബാബയെ പ്രാപ്തമാക്കാൻ സാധിക്കില്ല. ബാബയെ സെക്കന്റിലാണ് പ്രാപ്തമാക്കുന്നത്. സെക്കന്റിൽ ജീവൻമുക്തി..... ഇതും ആർക്കും അറിയില്ല ബാബ എപ്പോഴാണ് വരുന്നതെന്ന്. കല്പത്തിന്റെ ആയുസ്സ് നീട്ടിയാണ് കാണിച്ചിരിക്കുന്നത്. ഇപ്പോൾ ബാബയ്ക്കുമറിയാം, കുട്ടികൾക്കുമറിയാം. എന്നാൽ അത്ഭുതമിതാണ്- 10-20 വർഷങ്ങൾ കഴിഞ്ഞാലും നിശ്ചയം ഉണ്ടാകുന്നില്ല. നിശ്ചയമുണ്ടായതിനു ശേഷം- ഇതെന്റെ അച്ഛനല്ല എന്നു പറയാൻ സാധിക്കില്ല. വളരെ സഹജമാണ്. ബാബയുടെ കുട്ടിയാകുന്നതിനും സമയമെടുക്കുന്നു. 10-20 വർഷങ്ങളായിട്ടും പൂർണ്ണമായും നിശ്ചയമായിട്ടില്ല. ഇപ്പോൾ നിങ്ങൾ മറ്റുള്ളവർക്ക് പരിചയം നല്കുമ്പോൾ സെക്കന്റിൽ നിശ്ചയം ഉണ്ടാകുന്നു. ജനകനെ കുറിച്ച് പറയാറുണ്ട്, ഇത് ഈ സമയത്തെ കാര്യമാണ്. കാരണം ഓരോ ദിവസം പോകുന്തോറും വളരെ സഹജമായികൊണ്ടിരിക്കുന്നു. അത്രയും നല്ല നല്ല പോയിന്റ്സ് ലഭിക്കുന്നു, അതിലൂടെ മറ്റുള്ളവർക്ക് പെട്ടെന്ന് നിശ്ചയം ഉണ്ടാകുന്നു.

ബാബ പറയുന്നു- കുട്ടികളെ അശരീരിയായി ഭവിക്കൂ. ഈ അനേക ദേഹത്തിന്റെ ധർമ്മങ്ങളെ ഉപേക്ഷിക്കൂ. യഥാർത്ഥത്തിൽ ഒരു ധർമ്മമായിരുന്നില്ലേ. ഒന്നിൽ നിന്നു തന്നെയല്ലേ വൃദ്ധിയുണ്ടാകുന്നത്. ഇതാണ് വൈവിദ്ധ്യമാർന്ന മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷം, ഇവിടെ മനുഷ്യരുടെ കാര്യമാണ്. വ്യത്യസ്ഥമായ ധർമ്മങ്ങളുടെ വൃക്ഷത്തെയും മനസ്സിലാക്കണം. അനേക ധർമ്മങ്ങളുടെ സമ്മേളനങ്ങൾ നടക്കുന്നുണ്ട്. എന്നാൽ അവർക്കറിയില്ല ആദ്യമാദ്യം ഉണ്ടായിരുന്ന പൂജനീയ ധർമ്മം ഏതാണ് എന്ന്. അത് ബുദ്ധിയിൽ വരണം. ഭാരതത്തിൽ പ്രാചീന ധർമ്മമായിരുന്നു അപ്പോൾ തീർച്ചയായും പ്രാചീന ധർമ്മം പരമാത്മാവ് തന്നെ രചിച്ചിട്ടുണ്ടാകും. ഭാരതത്തിൽ ശിവജയന്തിക്ക് പ്രാധാന്യമുണ്ട്. അനവധി ക്ഷേത്രങ്ങളുമുണ്ട്...ഏറ്റവും വലുതിലും വെച്ച് വലിയ ക്ഷേത്രം ബാബയുടേതാണ്- നിർവ്വാണധാമം. അവിടെ നമ്മൾ ആത്മാക്കൾ ബാബയോടൊപ്പം വസിക്കുന്നു. ക്ഷേത്രത്തിന് സ്ഥലം ഉണ്ടാകുമല്ലോ. ഈ മഹതത്ത്വം എത്ര വലിയ ക്ഷേത്രമാണ്. നിങ്ങളുടെ ബുദ്ധിയിലുണ്ടായിരിക്കണം- ബ്രഹ്മമഹതത്ത്വം ഏറ്റവും ഉയർന്നതിലും വെച്ച് ഉയർന്ന ക്ഷേത്രമാണ്, നാം എല്ലാവരും അവിടെ വസിച്ചിരുന്നു. അവിടെ സൂര്യനോ ചന്ദ്രനോ ഇല്ല അതി നാൽ രാത്രിയും പകലുമില്ല. യഥാർത്ഥത്തിൽ നമ്മുടെ ആത്മീയ ക്ഷേത്രം നിർവ്വാണധാമമാണ്. അത് തന്നെയാണ് ശിവാലയം, അവിടെ നമ്മൾ ശിവബാബയോടൊപ്പം വസിക്കുന്നു. ശിവബാബ പറയുന്നു-

ഞാൻ ആ ശിവാലയത്തിൽ വസിക്കുന്നവനാണ്. അത് പരിധിയില്ലാത്ത ശിവാലയമാണ്, നിങ്ങൾ ശിവന്റെ കുട്ടികളും അവിടെ വസിക്കുന്നു. അതാണ് നിരാകാരി ശിവാലയം. പിന്നീട് സ്ഥൂലത്തിൽ വരുമ്പോൾ, വസിക്കുന്നതിനുള്ള സ്ഥാനം ഉണ്ടാകുന്നു. ഇപ്പോൾ ശിവബാബ ഇവിടെയാണ്, ഈ ശരീരത്തിൽ വസിക്കുന്നു. ഇതാണ് ചൈതന്യ ശിവാലയം, ഈ മാധ്യമത്തിലൂടെ നിങ്ങൾക്ക് ശിവബാബയോട് സംസാരിക്കാൻ സാധിക്കും. നിർവ്വാണധാമും ശിവബാബയുടെ ശിവാലയമാണ്, അവിടെയാണ് നമ്മൾ ആത്മാക്കൾ വസിക്കുന്നത്.ആ വീട് സർവ്വർക്കും ഓർമ്മയുണ്ട്. അവിടെ നിന്ന് നമ്മൾ പാർട്ടഭിനയിക്കാൻ വരുന്നു- സതോ, രജോ, തമോ.. ഈ അവസ്ഥകളിൽ സർവ്വർക്കും വരുക തന്നെ വേണം. ഈ കാര്യം ലോകത്തിലുള്ള ആരുടെയും ബുദ്ധിയിൽ ഇല്ല. എല്ലാ ആത്മാക്കൾക്കും അവരവരുടേതായ അനാദി പാർട്ട് ലഭിച്ചിട്ടുണ്ട്, അതിന് ആദിയുമില്ല, അന്ത്യവുമില്ല. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ യഥാർത്ഥത്തിൽ ശിവാലയത്തിൽ വസിക്കുന്നവരായിരുന്നു. ശിവബാബ സ്ഥാപിക്കുന്ന സ്വർഗ്ഗത്തെയും ശിവാലയം എന്നു പറയുന്നു. ശിവബാബ സ്ഥാപിച്ചിട്ടുള്ള സ്വർഗ്ഗത്തിൽ  കുട്ടികൾ തന്നെയാണ് വസിക്കുന്നത്. ഇവർക്ക് ഈ രാജ്യഭാഗ്യം എങ്ങനെ ലഭിച്ചു? അത് സത്യയുഗത്തിന്റെ ആദിയാണ്, ഇത് കലിയുഗത്തിന്റെ അന്ത്യവും. അതിനാൽ സത്യയുഗത്തിൽ ദേവീ ദേവൻമാരെ ആരാണ് സ്വർഗ്ഗത്തിന്റെ അധികാരിയാക്കിയത്. ഇവിടെയും എത്ര നല്ല നല്ല ദേശങ്ങളുണ്ട്. അമേരിക്ക ഫസ്റ്റ് ക്ലാസ്സ് ദേശമാണ്. വളരെ ധനവും ശക്തിയും ഉള്ള രാജ്യമാണ്, ഈ സമയത്ത് ഏറ്റവും ഉയർന്നതും. വ്യാഴദശയാണ് എന്നാൽ അതിനോടൊപ്പം രാഹുവിന്റെ ദശയും ഉണ്ട്. ഈ സമയത്ത് സർവ്വരുടെയും മേൽ രാഹുദശയാണ്. സർവ്വരുടെയും വിനാശം ഉണ്ടാകണം. വളരെ സമ്പന്നമായിരുന്ന ഭാരതം ഇപ്പോൾ ദരിദ്രമായി. ഇതെല്ലാം മായയുടെ ഷോയാണ്. മായയുടെ ശക്തി ഫുൾ ആണ്, അതിനാലാണ് മനുഷ്യൻ ഇതിനെ സ്വർഗ്ഗമെന്നു മനസ്സിലാക്കുന്നത്. അമേരിക്കയിൽ നോക്കൂ എന്തെല്ലാമാണ് എന്ന്, മനുഷ്യർ ആകർഷിക്കപ്പെടുന്നു. ബോംബെയിൽ നോക്കൂ എത്ര ഫാഷൻ ആണെന്ന്. നേരത്തെ ഇങ്ങനെയൊന്നും ആയിരുന്നില്ല. മായയുടെ പൂർണ്ണമായുള്ള ഷോയാണ്. 8-10 നിലകളുടെ കെട്ടിടങ്ങളാണ് ഉണ്ടാക്കുന്നത്. സ്വർഗ്ഗത്തിൽ ഇത്രയും നില കെട്ടിടങ്ങൾ ഉണ്ടായിരിക്കില്ല. അവിടെ രണ്ട് നില കെട്ടിടം പോലുമില്ല. ഇവിടെയാണ് ഇങ്ങനെ ഉണ്ടാക്കുന്നത്  കാരണം ഭൂമിയില്ല, ഭൂമിക്ക് വില വർദ്ധിച്ചു. അപ്പോൾ മനുഷ്യർ മനസ്സിലാക്കുന്നു- ഇത് തന്നെയാണ് സ്വർഗ്ഗമെന്ന്. പ്ലാനുകൾ ഉണ്ടാക്കുന്നുണ്ട്. എന്നാൽ പറയുന്നു- നരൻ ആഗ്രഹിക്കുന്നത് ഒന്ന്......... മനുഷ്യർ എത്ര ചിന്തകളിലാണ് ഇരിക്കുന്നത്. മൃത്യു സർവ്വർക്കും ഉണ്ടാകും. സർവ്വരുടെയും കഴുത്തിൽ മൃത്യുവിന്റെ തൂക്ക് കയർ ഉണ്ട്. ഇപ്പോൾ നിങ്ങളും തൂക്ക് മരത്തിലാണ്. നിങ്ങളുടെ ബുദ്ധി പുതിയ ലോകത്തിലാണ്. ഇപ്പോൾ സർവ്വർക്കും വാനപ്രസ്ഥ അവസ്ഥയിലേക്ക് പോകുന്നതിനുള്ള സമയമാണ്. അതിനാൽ ബാബ പറയുന്നു- ഇപ്പോൾ എന്നെ ഓർമ്മിക്കൂ. ഞാൻ സ്വയം നിങ്ങൾക്ക് നിർദ്ദേശം നല്കുന്നു- നിങ്ങൾ എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്, ഞാൻ സർവ്വരെയും തിരികെ കൊണ്ട് പോകും. കൊതുകിൻ കൂട്ടത്തെ പോലെ സർവ്വർക്കും പോകേണ്ടി വരും. 84 ജന്മങ്ങളുടെ ചക്രം പൂർത്തിയായി, ഇപ്പോൾ ജീവിച്ചിരിക്കെ എന്നെ ഓർമ്മിക്കൂ. നമ്മൾ ജീവിച്ചിരിക്കെ സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് തയ്യാറായി കൊണ്ടിരിക്കുന്നു. മറ്റാരും സ്വർഗ്ഗത്തിലേക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പ് ചെയ്യുന്നില്ല. സ്വർഗ്ഗത്തിലേക്ക് പോകുന്നതിന്റെ സന്തോഷമുണ്ടെങ്കിൽ രോഗാവസ്ഥയിൽ മരുന്ന് കഴിക്കേണ്ട ആവശ്യമില്ല. നിങ്ങൾക്കറിയാം അവർ ആരും സ്വർഗ്ഗത്തിൽ പോകുന്നില്ല. ഇപ്പോൾ നമ്മൾ സ്വീറ്റ് ഹോമിലേക്ക് പൊയ്കൊണ്ടിരിക്കുന്നു. അതാണ് ഗോഡ് ഫാദറിന്റെ വീട് അഥവാ ആത്മീയ ശിവാലയം. സത്യയുഗത്തെ സ്ഥൂലമായ ശിവാലയമെന്നും പറയുന്നു. ആ സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് നമ്മൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കി തന്നു- ബ്രഹ്മാവിന്റെ രാത്രിയും, ബ്രഹ്മാവിന്റെ പകലും പ്രശസ്ഥമാണ്. രാത്രി പൂർത്തിയാകുമ്പോൾ ഞാൻ വരുന്നു. ലക്ഷ്മീ നാരായണന്റെ ദിനവും രാത്രിയും എന്ന് പറയാറില്ല. ഒന്ന് തന്നെയാണ് എന്നാലും ബ്രഹ്മാവിനാണ് പകലിന്റെയും രാത്രിയുടെയും ജ്ഞാനമുള്ളത്. അവിടെ ലക്ഷ്മീ നാരായണന് ഈ ജ്ഞാനം ഉണ്ടായിരിക്കില്ല. അതിനാൽ ബ്രഹ്മാവും ബ്രാഹ്മണരും ബ്രാഹ്മണികളും മനസ്സിലാക്കുന്നുണ്ട്- ശിവന്റെ രാത്രി എപ്പോഴാണ് ഉണ്ടാകുന്നതെന്ന്. മനുഷ്യർ ഈ കാര്യങ്ങളൊന്നും മനസ്സിലാക്കുന്നില്ല. ശിവൻ നിരാകാരനാണ്, എങ്ങനെ അവതരിക്കുന്നുവെന്ന് ചോദിക്കണ്ടേ. ശിവജയന്തിക്ക് നിങ്ങൾക്ക് വളരെ സേവനം ചെയ്യാൻ സാധിക്കും. രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. ഇപ്പോൾ വളരെ ചെറിയ വൃക്ഷമാണ്. ഈ വൃക്ഷത്തിന് കൊടുങ്കാറ്റ് ഏൽക്കുന്നുണ്ട്, മറ്റ് വൃക്ഷങ്ങൾക്ക് ഇത്രയും കൊടുകാറ്റ് ഏൽക്കുന്നില്ല. അതിൽ ഒന്നിനു പിന്നാലെ സർവ്വരും വരുന്നു, പോകുന്നു. ഇവിടെ നിങ്ങളുടേത് പുതിയ ജന്മമാണ്. മായയുടെ കൊടുങ്കാറ്റ് മുന്നിലുണ്ട്. മറ്റാർക്കും കൊടുങ്കാറ്റിനെ നേരിടേണ്ടി വരുന്നില്ല. ഇവിടെ ധർമ്മത്തിന്റെ സ്ഥാപനയിൽ മായയുടെ കൊടുങ്കാറ്റ് വരുന്നു. വളരെ ഉയർന്ന ലക്ഷ്യമാണ്. വിശ്വത്തിന്റെ ചക്രവർത്തിയാകുക എന്നത് ചെറിയ കാര്യമല്ല. അനേക പ്രാവശ്യം നിങ്ങൾ ഈ കൊടുങ്കാറ്റിനെ മറികടന്ന് രാജ്യഭാഗ്യം നേടിയിട്ടുണ്ട്. ആര് ഏത് രീതിയിൽ പുരുഷാർത്ഥം ചെയ്യുന്നുവൊ, അതിന്റെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. മുന്നോട്ട് പോകുന്തോറും ഏത് പദവിയാണ് നേടാൻ പോകുന്നത് എന്ന് സാക്ഷാത്ക്കാരം

നിങ്ങൾക്കുണ്ടാകും. എങ്ങനെയുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നതെന്ന് അറിയാൻ സാധിക്കില്ലേ. ദരിദ്രരുടേയോ സമ്പന്നരുടേയോ കാര്യമല്ല. ഗീതവും കേട്ടു. അവസാനം ആ ദിനം വന്നെത്തി... ദരിദ്രരുടെ പങ്കാളിയായ ബാബ വന്നു. ബാബ പറയുന്നു- എനിക്ക് സമ്പന്നർക്ക് ധനം നല്കേണ്ട ആവശ്യമില്ല. അവർ നേരത്തെ തന്നെ സമ്പന്നരാണ്. അവർക്ക് ഇവിടെ തന്നെയാണ് സ്വർഗ്ഗം. കോടിപതികളാണ്, പണ്ട് കോടിപതികൾ വളരെ ചുരുക്കമായിരുന്നു. ഇപ്പോൾ കോടിക്കണക്കിന് മനുഷ്യരുടെയടുത്ത് ഒളിപ്പിച്ചു വെച്ചിട്ടുള്ള സമ്പാദ്യമുണ്ട്. എന്നാൽ ഇത് ആർക്കും ഉപയോഗപ്പെടാൻ പോകുന്നില്ല. വയറിന് വിശപ്പിന് അധികമൊന്നും വേണ്ട. ചതിയിലൂടെ പൈസ സമ്പാദിക്കുന്നവർക്ക് ഉറക്കം വരുന്നുണ്ടാകില്ല. ഗവൺമെന്റ് പിടിച്ചെടുക്കുമോ എന്ന ഭയം ഉണ്ടായിരിക്കും. ബാബ പറയുന്നു- ഓർമ്മയുണ്ടായിരിക്കണം ഇത് അന്തിമ സമയമാണ്. ഇപ്പോൾ ചിലരുടേത് മണ്ണിനോടലിഞ്ഞു ചേരും.... ഭഗവാന്റെ പേരിൽ ചെയ്തിട്ടുള്ളതേ സഫലമാകൂ. ബാബ നമ്മെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. ഇപ്പോൾ നിങ്ങൾ ബാബയുടെയടുത്ത് സ്വയത്തെ ഇൻഷ്വർ ചെയ്യൂ. വിനാശം തൊട്ടു മുന്നിലുണ്ട്. നിങ്ങളുടെ സർവ്വ ആഗ്രഹങ്ങളും ഇപ്പോൾ പൂർത്തിയാവുകയാണ്. ബാബ ദരിദ്രരെ ഉയർത്തുന്നു. സമ്പന്നരുടെ 1000 വും, ദരിദ്രരുടെ ഒരു രൂപയും സമാനമാണ്. കൂടുതലും ദരിദ്രരാണ് വരുന്നത്. ചിലർക്ക് ശമ്പളം 100 രൂപ, ചിലർക്ക് 150 രൂപ... ലോകത്തിൽ മനുഷ്യരുടെയടുത്ത് കോടികളുണ്ട്, അവർക്ക് ഇത് സ്വർഗ്ഗമാണ്. അവർ ഇവിടെ ഒരിക്കലും വരില്ല, ബാബയ്ക്ക് അവരെ ആവശ്യവുമില്ല. ബാബ പറയും- നിങ്ങൾ വീട് വെച്ചോളൂ, സെന്റർ തുറക്കൂ, ഞാൻ പൈസ എന്ത് ചെയ്യും. സന്യാസിമാർ വളരെ ഫ്ളാറ്റുകൾ പണിയുന്നു, അവരുടെയടുത്ത് വളരെ സമ്പാദ്യമുണ്ട്. ഈ രഥത്തിനും അനുഭവമുണ്ട്. ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ് ദരിദ്രരെ സമ്പന്നമാക്കുന്നതിന്, അതിനാൽ ഇപ്പോൾ ധൈര്യം കാണിയ്ക്കൂ. കോടിപതികളുടെ പൈസയൊന്നും ഉപയോഗപ്പെടില്ല. ഇവിടെ പൈസയുടെ കാര്യമേയില്ല. ബാബ കേവലം പറയുന്നു- മൻമനാഭവ. ചിലവിന്റെ കാര്യമേയില്ല. ഇവിടെ കെട്ടിടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്, അതും വളരെ ലളിതമായി. അന്തിമ സമയത്ത് നിങ്ങൾക്ക് തന്നെ വസിക്കുന്നതിനാണ്. നിങ്ങളുടെ സ്മരണ ഇവിടെയുണ്ട്. ഇപ്പോൾ വീണ്ടും ചൈതന്യത്തിൽ സ്ഥാപന ചെയ്തു കൊണ്ടിരിക്കുന്നു. പിന്നീട് ഈ ജഡ സ്മരണ സമാപ്തമാകും. നിങ്ങൾ എഴുതണം- ആബുവിൽ വന്ന് ആരാണൊ ഈ ക്ഷേത്രം കാണാത്തത്, ഇവരുടെ കർത്തവ്യമെന്തെന്ന് മനസ്സിലാക്കാത്തത്, അവർ ഒന്നും കണ്ടിട്ടില്ല, മനസ്സിലാക്കിയിട്ടില്ല. നിങ്ങൾ പറയും- അതേ നമ്മൾ ഇപ്പോൾ ചൈതന്യത്തിൽ ഇരിക്കുന്നുവെന്ന്. ഈ ജഡചിത്രങ്ങളുടെ അർത്ഥം മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. അപ്പോൾ പറയും ഇത് നമ്മൾ തന്നെയാണ് എന്ന്. ഇത് നമ്മുടെ ജഡ സ്മരണയാണ്. വിചിത്രമായ ക്ഷേത്രം ഇതാണ്. അത്ഭുതമല്ലേ. മമ്മാ, ബാബ, കുട്ടികൾ ഇവിടെ ചൈതന്യത്തിൽ ഉണ്ട്. അവിടെ ജഡ ചിത്രങ്ങളാണുള്ളത്. ഏറ്റവും മുഖ്യം ശിവനാണ്. ബ്രഹ്മാവ്, ജഗദംബ, ലക്ഷ്മി നാരായണനും. എത്ര നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. എന്നിട്ടും ബാബയുടേതായതിനു ശേഷവും ബാബയെ വിട്ടു പോകുന്നു. ഇതും പുതിയ കാര്യമൊന്നുമല്ല. ബാബയുടേതായതിനു ശേഷം പോലും വിട്ടു പോകുന്നു. വിട്ടു പോയവരുടെയും ചിത്രം നമുക്ക് വയ്ക്കാൻ സാധിക്കും. പക്കാ നിശ്ചയം ഉണ്ടെങ്കിൽ തന്റെ രാജധാനിയുടെ ചിത്രം ഉണ്ടാക്കൂ എങ്കിൽ ഞാൻ ഡബിൾ കിരീടധാരി സ്വർഗ്ഗത്തിന്റെ അധികാരിയാകും എന്ന സ്മൃതിയുണ്ടായിരിക്കും. ബാബയെ ഉപേക്ഷിച്ചുവെങ്കിൽ കിരീടം നഷ്ടപ്പെടും. ഇത് മനസ്സിലാക്കേണ്ട വിചിത്രമായ കാര്യമാണ്. ബാബയെ ഓർമ്മിക്കൂ. ബാബയിൽ നിന്ന് തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. അതിനെ തന്നെയാണ് സെക്കന്റിൽ ജീവൻമുക്തിയെന്നു പറയുന്നത്. ഭാവിയിലേക്ക് വേണ്ടി ബാബ നമ്മെ യോഗ്യതയുള്ളവരാക്കി കൊണ്ടിരിക്കുന്നു. മനുഷ്യൻ അടുത്ത ജന്മത്തേയ്ക്കു വേണ്ടി ദാനപുണ്യം ചെയ്യുന്നു. അതാണ് അല്പകാല പ്രാപ്തി. നിങ്ങൾക്ക് ഈ പഠിത്തത്തിലൂടെ ഭാവിയിൽ 21 ജന്മത്തേയ്ക്ക് പ്രാപ്തിയുണ്ടാകുന്നു. ഈ മാതാപിതാവിന്റെ ആജ്ഞയനുസരിച്ച് പൂർണ്ണമായും നടന്നാലേ തീർത്തും ഉദ്ധരിക്കപ്പെടുകയുള്ളൂ. മാതാപിതാവിനും സന്തോഷമുണ്ടാകും. പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരുന്നില്ലായെങ്കിൽ പദവിയും കുറയുന്നു. ശിവബാബ പറയുന്നു- ഞാൻ നിഷ്കാമിയാണ്.... അഭോക്താവാണ്. ഞാൻ ടോളിയൊന്നും കഴിക്കുന്നില്ല. വിശ്വത്തിന്റെ ചക്രവർത്തി പദവിയും നിങ്ങൾക്കുള്ളതാണ്. ഈ ആഹാരവും നിങ്ങൾക്കുള്ളതാണ്. ഞാൻ സേവാധാരിയാണ്. ഞാൻ വരുന്ന സമയവും നിശ്ചിതമാണ്. കല്പ കല്പം തന്റെ കുട്ടികൾക്ക് രാജ്യഭാഗ്യം നല്കി ഞാൻ നിർവ്വാണധാമിലേക്ക് പോകുന്നു. ബാബയെ ആരും മറക്കരുത്. ബാബ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി നല്കാൻ വന്നിരിക്കുന്നു, അപ്പോൾ നിങ്ങളും ബാബയെ മറക്കുകയാണോ? മറ്റുള്ളവർക്ക് ബാബയുടെ പരിചയം നല്കുന്നതിനുള്ള സഹജമായ വിധി പറഞ്ഞു തന്നിട്ടുണ്ട്- ചോദിക്കൂ, പരമപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണ് ഉള്ളത്? പ്രജാപിതാ ബ്രഹ്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധം ഉണ്ട്? രണ്ടു പേരും അച്ഛനാണ്. അത് നിരാകാരി, ഇത് സാകാരി. ബാബയെ സർവ്വവ്യാപിയെന്നു പറയുന്നതിലൂടെ സമ്പത്ത് എങ്ങനെ ലഭിക്കും. ശ്രീമത്ത് ഭഗവാനിൽ നിന്നാണ് ലഭിക്കുന്നത്. ശ്രീമത്തിലൂടെ തന്നെയാണ് നിങ്ങൾ ശ്രേഷ്ഠരിലും വച്ച് ശ്രേഷ്ഠരാകുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. മായയുടെ കൊടുങ്കാറ്റിനെ മറികടന്ന് ബാബയിൽ നിന്നും പൂർണ്ണമായും സമ്പത്ത് നേടണം. മാതാപിതാവിന്റെ ആജ്ഞകളെ പ്രായോഗീക ജീവിതത്തിൽ കൊണ്ടു വരണം.

2. പഴയ ലോകത്തെ മറന്ന് പുതിയ ലോകത്തെ ഓർമ്മിക്കണം. വിനാശത്തിനു മുമ്പ് ബാബയുടെയടുത്ത് സ്വയത്തെ ഇൻഷ്വർ ചെയ്യണം.

## വരദാനം:- ബാലകനും ഒപ്പം അധികാരിയും- ഈ ഏണിപ്പടി കയറുകയും ഇറങ്ങുകയും ചെയ്യുന്ന നിശ്ചിന്തരായ ഡബിൾ ലൈറ്റായി ഭവിക്കട്ടെ.

സദാ ഇത് സ്മൃതിയിലുണ്ടായിരിക്കണം അധികാരിയോടൊപ്പം ബാലകനുമാണ്, ബാലകനോടൊപ്പം അധികാരിയുമാണ്. ബാലകനായിരിക്കുന്നതിലൂടെ സദാ നിശ്ചിന്തവും ഡബിൾ ലൈറ്റുമായിരിക്കാം, അധികാരിയാണെന്ന അനുഭവം ചെയ്യുന്നതിലൂടെ അധികാരീസ്ഥിതിയുടെ ആത്മീയ ലഹരിയും ഉണ്ടായിരിക്കും. നിർദ്ദേശം കൊടുക്കുന്ന സമയത്ത് അധികാരിയും ഭൂരിപക്ഷ തീരുമാന സമയത്ത് ബാലകനും. ഈ ബാലകനും അധികാരിയുമാകുന്നതിന്റെയും ഒരു ഏണിപ്പടിയുണ്ട്. ഈ ഏണിപ്പടി ചിലപ്പോൾ കയറൂ, ചിലപ്പോൾ ഇറങ്ങൂ, ചിലപ്പോൾ ബാലകനാകൂ, ചിലപ്പോൾ അധികാരിയാകൂ, എങ്കിൽ ഒരു വിധത്തിലുമുള്ള ഭാരം തോന്നുകയില്ല

## സ്ലോഗൻ:- ആര് പുരുഷ(ആത്മാവ്)നെന്ന് മനസ്സിലാക്കി രഥ(ശരീരം)ത്തിലൂടെ കാര്യങ്ങൾ ചെയ്യിപ്പിക്കുന്നുവോ അവർ തന്നെയാണ് സത്യമായ പുരുഷാർത്ഥികൾ.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ** : സേവനത്തിന്റെയും സ്വയത്തിന്റെയും കയറുന്ന കലയിൽ സഫലതക്കുള്ള മുഖ്യ ആധാരമാണ്-ഒരു ബാബയോട് മുറിയാത്ത സ്നേഹം. ബാബയെയല്ലാതെ മറ്റൊന്നും കാണപ്പെടരുത്. സങ്കൽപത്തിലും ബാബ, വാക്കുകളിലും ബാബ, കർമ്മത്തിലും ബാബയുടെ കൂട്ട്, അങ്ങനെയുള്ള ലൗലീന സ്ഥിതിയിലിരുന്ന് ഒരു വാക്കാണ് പറയുന്നതെങ്കിലും ആ വാക്ക് മറ്റാത്മാക്കളെയും സ്നേഹത്തിൽ കെട്ടിയിടും. അങ്ങനെയുള്ള ലൗലീന ആത്മാക്കളുടെ ഒരു ബാബാ എന്ന വാക്ക് പോലും ഇന്ദ്രജാലത്തിന്റെ പ്രവർത്തി ചെയ്യും.